LIBRARY ARCHIVES Kerala Legislative Assembly

ബസ്ചാർജ് വർദ്ധനവിനെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ടെക്നിക്കൽ കമ്മിറ്റി

154 (751) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബസ് ചാർജ് വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇതു സംബന്ധമായി നാറ്റ്പാക്ക് എന്തെങ്കിലും റിപ്പോർട്ട് നൽകുകയുണ്ടായോ ; എങ്കിൽ എന്നാണ് നൽകിയത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ബസ് ചാർജ് വർദ്ധനവിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു ടെക്നിക്കൽ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്നാണ് ഈ കമ്മിറ്റി രൂപീകരിച്ചത് ; കമ്മിറ്റി അംഗങ്ങൾ ആരൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഇ) കമ്മിറ്റി ഇതു സംബന്ധമായി എന്തെങ്കിലും നടപടികൾ ഇതിനകം കൈക്കൊള്ളുകയുണ്ടായോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) 8-3-2010-ലെ ചാർജ് വർദ്ധനവിനുശേഷം റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല.

(സി) ഒരു കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

(ഡി) ഗവൺമെന്റ് നോട്ടിഫിക്കേഷൻ നമ്പർ ജി.ഒ (എംഎസ്.) നമ്പർ 61/2010/ട്രാൻ. തീയതി 19-8-2010 പ്രകാരം ഫെയർ റിവിഷൻ കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

റിട്ട. ഹൈക്കോടതി ജഡ്ജി എം. രാമചന്ദ്രൻ കമ്മിറ്റി ചെയർമാനാണ്. ഡോ. ഡി. നാരായണ (ചെയർ പ്രൊഫസർ, ആർ.ബി.ഐ. എൻഡോവ്മെന്റ് യൂണിറ്റ്, സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്), ശ്രീ. റ്റി. ഇളങ്കോവൻ (സയന്റിസ്റ്റ് 'ജി' നാറ്റ്പാക്ക്, തിരുവനന്തപുരം എന്നിവർ അംഗങ്ങളും ട്രാൻസ്പോർട്ട് കമ്മീഷണർ മെമ്പർ സെക്രട്ടറിയുമാണ്.

(ഇ) കമ്മിറ്റി അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. അതിലേക്ക് പൊതുജനങ്ങളിൽനിന്നും വിവിധ സംഘടനകളിൽനിന്നും ബസ് ചാർജ് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചിട്ടുണ്ട്. അവ പരിശോധിച്ചുവരികയാണ്. കൂടാതെ ഇക്കാര്യത്തിൽ താല്പര്യമുള്ളവരുമായി കൂടിക്കാഴ്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ രണ്ട് മീറ്റിംഗുകൾ കഴിഞ്ഞു. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.